LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് പ്രത്യേകമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതി, പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കാലാനുസൃതമായുള്ള പുതിയ കോഴ്സുകൾ ആരംഭിച്ചത്, നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് രൂപീകരിച്ച നിക്ഷേപ ഗ്യാരന്റി ബോർഡ്, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന നിക്ഷേപ സമാഹരണം നടത്തുന്നതിനുള്ള പദ്ധതി, മാനവശേഷി വികസനത്തിന് മുൻതൂക്കം നൽകിയുള്ള പ്രവർത്തനങ്ങൾ, സഹകരണ മേഖലയിലെ ആധുനികവത്കരണം എന്നീ നടപടികൾ സഹകരണ മേഖലയെ പുതിയ മേഖലകൾ കണ്ടെത്തി പ്രവർത്തനസജ്ജമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

(ബി) സഹകരണ മേഖലയെ തകർക്കുന്ന സമീപനം ഈ സർക്കാരിനില്ല. സഹകരണ മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ട് കൂടുതൽ കാര്യക്ഷമതയോടും ഉത്തരവാദിത്വത്തോടും കൂടി പ്രവർത്തിക്കുന്നതിനുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ആദിവാസികളെ ചൂഷണത്തിനെതിരെ ബോധവൽക്കരണം

7(*187) ശ്രീമതി കെ. കെ. ലതിക :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളെ ചൂഷണത്തിൽ നിന്നും മോചിതരാക്കുവാൻ ബോധവൽക്കരിക്കുന്നതിലുള്ള അധികാരികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) അജ്ഞതമൂലം ആദിവാസികൾ നിയമ നടപടിക്ക് വിധേയമാകുന്നത് ആവർത്തിക്കാതിരിക്കാൻ പ്രസ്തുത വിഭാഗത്തെ ബോധവല്ക്കരിക്കുന്നതിന് സാധ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ശാരീരികമായും മറ്റും ആദിവാസികൾ ഏതെല്ലാം തരത്തിൽ ഇപ്പോഴും ചൂഷണം ചെയ്യപ്പെടുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ ഇത് തടയുന്നതിന് സാധ്യമാകാതെ പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്. പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ/ചൂഷണങ്ങൾ തടയുന്നതിനെതിരെയും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയായും തദ്ദേശീയരായ അഭിഭാഷകരുടെയും പൊതുപ്രവർത്തകരുടേയും സഹകരണത്തോടു കൂടി നടപടികൾ സ്വീകരിക്കാറുണ്ട്. ജില്ലാതലത്തിൽ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന മോണിറ്ററിംഗ് കമ്മിറ്റിയും, സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി തലത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട അധികാരികളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(ബി) ഉണ്ട്. ജില്ലകളിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി സെമിനാറുകൾ/ ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡ് തലത്തിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സ് മുഖേന സംഘടിപ്പിക്കാറുണ്ട്. എല്ലാ വർഷവും സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഇക്കാര്യത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

(സി) ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗത്തിലെ ദുർബലരും നിയമപരിരക്ഷകളെക്കുറിച്ച് അവബോധമില്ലാത്തവർക്കുമാണ് ഇപ്പോഴും പീഡനങ്ങളും ചൂഷണങ്ങളും അനുഭവപ്പെടുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) അതിക്രമം തടയൽ നിയമം, വിദ്യാഭ്യാസ പുരോഗതി, ബോധവത്കരണം എന്നിവയിലൂടെ ആദിവാസികൾക്കെതിരെയുള്ള ചൂഷണങ്ങൾ തടയുന്നതിന് വകുപ്പിന് സാധിക്കുന്നുണ്ട്. എന്നിരുന്നാലും അജ്ഞതയിലൂടെയും നിഷ്ളങ്കതയിലൂടെയും സാമ്പത്തിക പ്രലോഭനങ്ങളിലൂടെയും ഇപ്പോഴും ചൂഷണങ്ങൾക്കിരയാകുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly